**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2967** **12-07-2022 - ൽ മറുപടിയ്ക്ക്**

**പുനർഗേഹം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | അരൂർ മണ്ഡലത്തിൽ പുനർഗേഹം പദ്ധതി പ്രകാരം എത്ര പേർക്ക് ആനുകൂല്യം ലഭ്യമാക്കി എന്ന് വിശദമാക്കാമോ; | (എ) | വകുപ്പ് നടത്തിയ സർവ്വേ പ്രകാരം അരൂർ നിയോജക മണ്ഡലത്തിൽ വേലിയേറ്റ രേഖയിൽ നിന്ന് 50 മീറ്ററിനുള്ളിൽ 378 കുടുംബങ്ങളാണ് അധിവസിക്കുന്നത്. 16 ഗുണഭോക്താക്കൾ നിലവിൽ പദ്ധതി പ്രകാരം മാറി താമസിക്കുവാൻ സമ്മതം അറിയിച്ചിട്ടുണ്ട്. 11 ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിന് ഭൂമി കണ്ടെത്തുകയും 10 ഗുണഭോക്താക്കൾ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുമുണ്ട്. അതിൽ 3 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പുനർഗേഹം പദ്ധതി പ്രകാരം ഏതെല്ലാം ആനുകൂല്യങ്ങളാണ് പ്രസ്തുത മണ്ഡലത്തിലെ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | സുരക്ഷിത മേഖലയിലേയ്ക്ക് മാറി താമസിക്കാൻ തയ്യാറാകുന്ന ഗുണഭോക്താവിന് ഭൂമി വില 6 ലക്ഷം രൂപയും ഭവന നിർമ്മാണത്തിന് 4 ലക്ഷം രൂപയും അടക്കം പരമാവധി 10 ലക്ഷം രൂപയാണ് വ്യക്തിഗത ഭവന നിർമ്മാണത്തിന് അനുവദിക്കുന്നത്. ഭൂമി വില 6 ലക്ഷം രൂപയിൽ കുറവാണ് ചെലവാകുന്നതെങ്കിൽ ബാക്കി തുക 4 ലക്ഷം രൂപയോട് ചേർത്ത് ഭവന നിർമ്മാണത്തിനായി ഉപയോഗി ക്കാവുന്നതാണ്. ഗുണഭോക്താവ് 2 സെന്റിൽ കുറയാത്ത ഭൂമിയും 400 സ്ക്വയർ ഫീറ്റിൽ കുറയാത്ത വാസയോഗ്യമായ ഭവനവും വാങ്ങുന്ന പക്ഷം 10 ലക്ഷം രൂപയുടെ ധനസഹായം നൽകുന്നതാണ്. പദ്ധതി പ്രകാരം ഭൂമി വാങ്ങുന്ന ഗുണഭോക്താവിന് ഭൂമിയുടെ രജിസ്ട്രേഷൻ ഫീസ്, മുദ്രവില എന്നിവ ഒഴിവാക്കി നൽകിയിട്ടുണ്ട്. ഗുണഭോക്താവ് നിലവിൽ താമസിക്കുന്ന ഭൂമി അതേ നിലയിൽ നിലനിർത്തി കൃഷിയ്ക്ക് ഉപയോഗിക്കാവുന്നതാണ്. ടി സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി ഇല്ല. ഗുണഭോക്താക്കൾ ഒരുമിച്ച് ചേർന്ന് റസിഡന്റ്സ് ഗ്രൂപ്പായി എല്ലാ ഗ്രൂപ്പ് അംഗങ്ങളുടെ പേരിൽ ഭൂമി വാങ്ങാവുന്നതും പ്രസ്തുത ഭൂമിയിൽ ഫ്ലാറ്റ് അപ്പാർട്ട്മെന്റ് നിർമ്മിക്കാവുന്നതുമാണ്. പദ്ധതി |

| | | | |
|---|---|---|---|
| | | | സഹായം ഓരോ ഗുണഭോക്താവിനും പരമാവധി 10 ലക്ഷം രൂപയാണ് അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ